**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല – താനൂർ ഉപജില്ലാ കലോത്സവം 2017 – ഉപജില്ലാ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3725/2017/തസ്വഭവ — തിരുവനന്തപുരം, തീയതി, 20/11/2017

പരാമർശം:- 1. ശ്രീ. വി അബ്ദു റഹിമാൻ എം.എൽ.എ യുടെ 15/11/2017 ലെ കത്ത്.

2. സ.ഉ.(എം.എസ്)58/06/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

നവംബർ 18,20,21,22 തീയതികളിലായി ചെറിയമുണ്ടം ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടക്കുന്ന താനൂർ ഉപജില്ലാ കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് താനൂർ നഗരസഭ, താനാളൂർ ഗ്രാമ പഞ്ചായത്ത്, ഒഴൂർ ഗ്രാമ പഞ്ചായത്ത്, നിറമരുതൂർ ഗ്രാമ പഞ്ചായത്ത്, ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത്, വളവന്നൂർ ഗ്രാമ പഞ്ചായത്ത്, നന്നമ്പ്ര ഗ്രാമ പഞ്ചായത്ത്, പൊന്മുണ്ടം ഗ്രാമ പഞ്ചായത്ത്, പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം നൽകുന്നതിനുള്ള നടപടി സ്വികരിക്കണമെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം ശുപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെറിയമുണ്ടം ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് 2017 നവംബർ 18, 20, 21, 22 തീയതികളിലായി നടക്കുന്ന ഉപജില്ലാ കലോത്സവത്തിന്റെ നടത്തിപ്പ് ചെലവുകൾക്കായി താനൂർ നഗരസഭയിൽ നിന്നും താനാളൂർ, ഒഴൂർ, നിറമരുതൂർ, ചെറിയമുണ്ടം, വളവന്നൂർ, നന്നമ്പ്ര, പൊന്മുണ്ടം, പെരുമണ്ണ ക്ലാരി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 15,000/- (പതിനയ്യായിരം) രൂപ വീതം അവരവരുടെ കൗൺസിൽ/ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താനൂർ ഉപജില്ലാ കലോത്സവ ജനറൽ കൺവീനർ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം മുഖേന)
ബന്ധപ്പെട്ട നഗരസഭ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന )
ജനറൽ കൺവീനർ, താനൂർ ഉപജില്ല കലോത്സവം (പ്രിൻസിപ്പാൾ, ചെറിയമുണ്ടം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, താനൂർ)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മലപ്പുറം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ